# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3930 — 19.03.2018-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിലെ നികുതിപിരിവ്

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസുകളിൽ നികുതി സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുളള സമയം അറിയിക്കാമോ; | (എ) ഓഫീസിന്റെ പ്രവൃത്തി സമയമായ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് നികുതി സ്വീകരിക്കുന്നതിനുള്ള സമയമായി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) പിരിച്ചെടുക്കുന്ന നികുതി അതത് ദിവസം തന്നെ ബാങ്കിൽ / ട്രഷറിയിൽ അടക്കണം എന്ന കാരണം പറഞ്ഞ് പല വില്ലേജ് ഓഫീസുകളിലും ഉച്ചക്ക് ഒരു മണിക്ക് ശേഷം ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പാലക്കാട് ജില്ല ഒഴികെ മറ്റൊരു ജില്ലയിലും ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ ഇത്തരം പരാതി ആവർത്തിക്കാതിരിക്കുന്നതിനായി എല്ലാ താലൂക്ക് തഹസിൽദാർക്കും വില്ലേജ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഓൺലൈൻ നികുതി സമ്പ്രദായത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (സി) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1472 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവും ഓൺലൈൻ നികുതിയും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം വയനാട്, കോട്ടയം, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കിവരുന്നു. ഓൺലൈൻ |

ഭൂനികുതി സംവിധാനം മുഖേന നാളിതുവരെ 2,08,19,814/- രൂപയും ( രണ്ട് കോടി എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി പതിനാല് രൂപ മാത്രം) റവന്യൂ ഇ-പെയ്മെന്റ് സംവിധാനം മുഖേന 7,23,85,714/- രൂപയും(ഏഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി പതിനാല് രൂപ മാത്രം) പിരിച്ചെടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**